കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ ജനമൈത്രി പോലീസ് സംവിധാനം

16 (1757) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഈ സംവിധാനം എന്ന് മുതൽ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 18-11-2010-ലെ സ.ഉ. (സാധാ) നമ്പർ 3742/2010/ആഭ്യന്തരം പ്രകാരം പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് പോലീസ് സ്റ്റേഷനിൽ ജനമൈത്രി പോലീസ് സംവിധാനം നടപ്പിലാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ജനമൈത്രി സുരക്ഷാ പദ്ധതി

17 (1758) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ ജനമൈത്രി സുരക്ഷാ പദ്ധതി മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളെന്തെല്ലാമാണ് ;

(സി) ഇതുമുഖേന ജനങ്ങൾക്കു ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജനമൈത്രി പോലീസ് പദ്ധതിയും സ്കൂൾ കേഡറ്റ് പദ്ധതിയും ജില്ലയിലെ കൂടുതൽ പ്രദേശങ്ങളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ഒന്നാം ഘട്ടത്തിൽ പെരിന്തൽമണ്ണയിലും രണ്ടാം ഘട്ടത്തിൽ തിരൂരും, മൂന്നാംഘട്ടത്തിൽ കൊണ്ടോട്ടി, പാണ്ടിക്കാട്, വളാഞ്ചേരി, തിരൂരങ്ങാടി, താനൂർ, കുറ്റിപ്പുറം, പൊന്നാനി, മഞ്ചേരി, നിലമ്പൂർ, മലപ്പുറം എന്നീ പ്രദേശങ്ങളിലാണ് ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പരമ്പരാഗത പോലീസ് ശൈലിയിൽ നിന്നും വ്യത്യസ്തമായി പൊതു സമൂഹത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി സമൂഹത്തിന്റെ സുരക്ഷയ്ക്ക് മുഖ്യപ്രാധാന്യം നൽകിക്കൊണ്ട് പ്രാദേശിക ജന സമൂഹത്തിന്റെ സൗകര്യങ്ങളും വിഭവശേഷിയും പ്രത്യേകതയും പ്രശ്നങ്ങളും അറിഞ്ഞ് അതിന് അനുരൂപവും പൊതുജന സൗഹൃദവും രീതിയിൽ പ്രാദേശിക പോലീസ് പ്രവർത്തനം സജ്ജമാക്കുക എന്നതാണ് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുതിർന്ന പൗരന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും സംരക്ഷണത്തിന് സഹായങ്ങൾ ഒരുക്കുക, കൗൺസിലിംഗ് സെന്ററുകൾ സജ്ജീകരിക്കുക, തെരുവു വിളക്കുകൾ ശരിയായി പ്രവർത്തിക്കുന്നതായി ഉറപ്പുവരുത്തുക, സ്വരക്ഷയ്ക്കായുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ലഹരി വിമുക്തകേന്ദ്രങ്ങൾ സജ്ജീകരിക്കുക, ദുരന്ത നിവാരണ പരിപാടികൾ നടപ്പാക്കുക എന്നിവയിൽ സാധ്യമായ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഈ സംവിധാനത്തിലൂടെ ലഭിക്കുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

കമ്മ്യൂണിറ്റി പോലീസിംഗ്

18 (1759) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഈ വർഷം എത്ര സ്റ്റേഷനുകളിൽ കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സംസ്ഥാനത്ത് ഈ വർഷം 105 പോലീസ് സ്റ്റേഷനുകളിൽ കൂടി കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

കമ്മ്യൂണിറ്റി പോലീസിംഗ് കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി

19 (1760) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് സിവിൽ പോലീസിന്റെ രൂപീകരണത്തോടെ കമ്മ്യൂണിറ്റി പോലീസിംഗ് കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്

ട്രാഫിക് നിയമങ്ങൾ പാലിക്കാൻ നടപടികൾ

20 (1761) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly